പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 109

02.03.2020 ൽ മറുപടിക്ക്

## സിംസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പോലീസിനായി ഉപകരണങ്ങൾ വാങ്ങിയതിൽ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദ്ദേശങ്ങളും സ്റ്റോർ പർച്ചേയ്സ് വ്യവസ്ഥകളും ലംഘിച്ചതായി സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) സി & എ.ജി റിപ്പോർട്ടിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്. |
| ബി) കെൽട്രോണുമായി ചേർന്ന് പോലീസ് നടപ്പിലാക്കിയ സിംസിന്റെ മേൽനോട്ട ചുമതല ആർക്കാണ്; വ്യക്തമാക്കുമോ; | ബി) CIMS എന്ന പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത് കെൽട്രോൺ ആണ്. |
| സി) സിംസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതുവഴി നാളിതുവരെ എത്ര തുക ലഭിച്ചു; ഇതിൽ കെൽട്രോൺ വിഹിതം എത്ര എന്നും സർക്കാർ വിഹിതം എത്ര എന്നും എന്നറിയിക്കാമോ ; | സി) സിംസിന്റെ ഒരു വർഷത്തേക്കുള്ള മോണിറ്ററിങ് ചാർജ് ആയിട്ട് നാളിതു വരെ 15 ഉപഭോക്താക്കളിൽ നിന്നും മൊത്തം 1,94,952/- രൂപ ലഭിച്ചിട്ടുണ്ട്. അതിൽ കെൽട്രോണിന്റെ വിഹിതം 1,69,608/- രൂപയും സർക്കാരിന്റെ വിഹിതം (13%) 25,344/- രൂപയുമാണ്. |
| ഡി) സിംസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും കെൽട്രോൺ ഇതിന്റെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തിയവർ ആരെല്ലാമെന്നും അറിയിക്കുമോ; | ഡി) സിംസിന്റെ പ്രോജക്ട് ഹെഡ് ആയിട്ട് അസിസ്റ്റന്റ് മാനേജർ ശ്രീ. ബിൻസൺ എൻ.റ്റി, ടെക്നിക്കൽ എഞ്ചിനീയർ ആയി ശ്രീ. അരുൺ കെ.എസ് (സീനിയർ എഞ്ചിനീയർ), ശ്രീ. രാജ്കുമാർ എസ്.എൽ (സീനിയർ എഞ്ചിനീയർ), ശ്രീ. അഖിലേഷ് പി (സീനിയർ എഞ്ചിനീയർ), ശ്രീ. ചന്ദ്രകുമാർ (ടെക്നിക്കൽ സപ്പോർട്ട് എഞ്ചിനീയർ), ശ്രീ. സെന്തിൽ (ടെക്നിക്കൽ സപ്പോർട്ട് എഞ്ചിനീയർ) എന്നിവരെ കെൽട്രോൺ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | പോലീസ് ആസ്ഥാനത്ത് രണ്ടായിരം ചതുരശ്ര അടിയുള്ള കെട്ടിടം സിംസിനു വേണ്ടി നൽകിയിട്ടുണ്ടോ; | ഇ) | കൺട്രോൾ റൂമിനായി പോലീസ് ആസ്ഥാനത്ത് സൗകര്യം കെൽട്രോണിന് നൽകിയിട്ടുണ്ട്. |
| എഫ്) | സിംസിന്റെ സേവനം വ്യക്തികൾക്ക് ലഭിക്കാൻ എത്ര തുക നൽകണമെന്നും സ്ഥാപനങ്ങൾക്ക് ലഭിക്കുവാൻ എത്ര തുക നൽകണമെന്നും അറിയിക്കുമോ? | എഫ്) | ഏകദേശം 50,000/- രൂപയാണ് കുറഞ്ഞ സംവിധാനമൊരുക്കുന്നതിന് ആവശ്യമാകുക. 500/- രൂപ വ്യക്തികൾക്കും 700/- രൂപ സ്ഥാപനങ്ങൾക്കും പ്രതിമാസ മോണിറ്ററിംഗ് നിരക്കാണ്. |

സെക്ഷൻ ഓഫീസർ